15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 532 — 02-02-2023 - ൽ മറുപടിയ്ക്ക്

സംസ്ഥാനത്തിന്റെ പൊതു കടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പൊതു കടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് വാർഷിക ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,29,052.83 കോടി രൂപയാണ് ഇതിൽ സംസ്ഥാനം തിരിച്ചടക്കേണ്ടതില്ലാത്ത വായ്പയായി കേന്ദ്രസർക്കാരിൽ നിന്ന് 2020-21,2021-22 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ജി.എസ്.ടി നഷ്ടപരിഹാര തുക ഉൾപ്പെടുന്നില്ല. സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് ലഭ്യമാക്കിയ 2022-23 ലെ പുതുക്കിയ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനമായി കണക്കാക്കിയിരുന്ന 10,17,872.58 കോടി രൂപയുടെ 22.5 ശതമാനമാണ് സംസ്ഥാനത്തിന്റെ പൊതുകടം. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ വരവിന്റെ എത്ര ശതമാനം പലിശ ഇനത്തിലുള്ള തിരിച്ചടവിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ (1,16,640.24 കോടി രൂപ) 19.98 ശതമാനം പലിശ ഇനത്തിലുള്ള (23,302.82 കോടി രൂപ) തിരിച്ചടവിനായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ വരവിന്റെ എത്ര ശതമാനം പലിശ ഇനത്തിലുള്ള തിരിച്ചടവിനായി മാറ്റിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരവിന്റെ (38010.36 കോടി രൂപ) 16.56 ശതമാനം പലിശ ഇനത്തിലുള്ള (6293.60 കോടി രൂപ) തിരിച്ചടവിനായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ